"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയ്ക്കായി ഹൗസിംഗ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡ് -ൽ നിന്നും കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) ലിമിറ്റഡ് മുഖേന എടുത്ത വായ്പയുടെ 2025-26 സാമ്പത്തിക വർഷത്തെ അവസാന (നാലാം) ഗഡു പലിശ ഒടുക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.373/2026/LSGD തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം.1260/2025/തസ്വഭവ തീയതി 22/05/2025
2. സ.ഉ(സാധാ) നം.2079/2025/തസ്വഭവ തീയതി 21/08/2025
3. സ.ഉ(സാധാ) നം.2849/2025/തസ്വഭവ തീയതി 20/11/2025
4. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 20/01/2026 ലെ കെ.യു.ആർ.ഡി.എഫ്.സി/107/2025-എൽ.എം1 നമ്പർ കത്ത്.
5. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/01/2026 ലെ എൽ.എം/1266/ഫിൻ/2022 നമ്പർ കത്ത്.
6. സ.ഉ(സാധാ) നം.1113/2026/ധന തീയതി 05/02/2026

**ഉത്തരവ്**

ലൈഫ് മിഷൻ പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് ഹൗസിംഗ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹഡ്കോ) ലിമിറ്റഡ് -ൽ നിന്നും കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) ലിമിറ്റഡ് മുഖാന്തിരം എടുത്ത വായ്പയുടെ പലിശ ഒടുക്കുന്നതിനായി 2025-26 സാമ്പത്തിക വർഷം റൂറൽ സെക്ടറിൽ 2515-00-102-30 (പി) എന്ന ശീർഷകത്തിൽ 256.26 കോടി രൂപയും അർബൻ സെക്ടറിൽ 2217-80-800-62 (പി) എന്ന ശീർഷകത്തിൽ 77.79 കോടി രൂപയും ബജറ്റ്

വിഹിതമായി അനുവദിച്ചിരുന്നു.

2. പ്രസ്തുത തുകയിൽ നിന്നും 2025-26 വർഷത്തെ അവസാന (നാലാം)ഗഡു ത്രൈമാസ പലിശ ഒടുക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി യുടെ റൂറൽ സെക്ടർ 63,82,55,937/- രൂപയും അർബൻ സെക്ടർ അക്കൗണ്ടിൽ 16,15,69,570 രൂപയും ഉൾപ്പെടെ ആകെ 79,98,25,507 രൂപ (എഴുപ്പത്തി ഒൻപതു കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി ഇരുപ്പത്തയ്യായിരത്തി അഞ്ഞൂറ്റി ഏഴ് രൂപ മാത്രം) ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി യുടെ ബന്ധപെട്ട അക്കൗണ്ട് നമ്പരിലേയ്ക്ക് അനുവദിയ്ക്കുന്നതിന് പരാമർശം 4 പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം 5 പ്രകാരം ലൈഫ് മിഷൻ ശിപാർശയോടു കൂടി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. 2025-26 വർഷത്തെ അവസാന (നാലാം) ഗഡു ത്രൈമാസ പലിശ തുക 63,82,55,937/- രൂപ റൂറൽ സെക്ടറിൽ 2515-00-102-30 (പി) എന്ന ശീർഷകത്തിൽ ലഭ്യമല്ലാത്തതിനാൽ പരാമർശം 6 പ്രകാരം 7,35,11,000/- അധിക ധനാനുമതി പ്രകാരം അനുവദിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിക്കു വേണ്ടി കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം ഹഡ്കോ യിൽ നിന്നും എടുത്ത വായ്പയുടെ 2025-26 സാമ്പത്തിക വർഷത്തെ അവസാന (നാലാം) ഗഡു ത്രൈമാസ പലിശ തുക ഒടുക്കുന്നതിനായി 2515-00-102-30 (pv)- റൂറൽ എന്ന ശീർഷകത്തിൽ നിന്നും 63,82,55,937 രൂപയും (അറുപത്തി മൂന്ന് കോടി എൺപ്പത്തി രണ്ട് ലക്ഷത്തി അൻപത്തയ്യായിരത്തി തൊള്ളായിരത്തി മുപ്പത്തി ഏഴ് രൂപ മാത്രം), 2217-80-800-62 (pv) അർബൻ ശീർഷകത്തിൽ നിന്നും 16,15,69,570 രൂപയും (പതിനാറ് കോടി പതിനഞ്ച് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി എഴുപത് രൂപ മാത്രം) ചേർത്ത് ആകെ 79,98,25,507 രൂപ (എഴുപ്പത്തി ഒൻപതു കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി ഇരുപ്പത്തയ്യായിരത്തി അഞ്ഞൂറ്റി ഏഴ് രൂപ മാത്രം) താഴെ പറയും പ്രകാരം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

| | |
|---|---|
| Name of Beneficiary | Kerala Urban and Rural Development Finance Corporation Ltd. |
| Bank | State Bank of India |
| | |

| | | |
|---|---|---|
| Branch | Vazhuthacaud | |
| IFS Code | SBIN0070033 | |
| Details of Amount crediting for Rural Sectors | Account No | Amount in Rs |
| | 37920881126 – Rural Out | 37,07,49,067 |
| | 40847078873 – Rural Out New | 26,75,06,870 |
| Details of Amount crediting for Urban | 37922795767 – Urban Out | 13,32,23,256 |
| | 40981996254 -Urban Out New | 99,48,035 |
| | 43650133496 -PMAY Urban Out | 1,83,98,279 |
| **Total** | | **79,98,25,507** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, Statue, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

ധനകാര്യ( വനിത ശിശു) വികസന വകുപ്പ്(WCD-3/117/2025-FIN) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 11-02-2026 15:44:21
സെക്ഷൻ ഓഫീസർ